**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

## വിജ്ഞാപനം

**ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2022**
**വിവിധ സംവരണാനുകൂല്യ സർട്ടിഫിക്കറ്റുകൾ മുൻകൂർ വാങ്ങി വയ്ക്കുന്നതും**
**അവ ഡിജിലോക്കർ സംവിധാനം മുഖേന അപ്‌ലോഡ് ചെയ്യുന്നതും സംബന്ധിച്ച്**

2022 വർഷത്തെ ബിരുദാനന്തര ബിരുദ മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ് . പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്ന സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികളും സംവരണ ആനുകൂല്യം ലഭിക്കുന്നതിനായി ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് (എസ്.സി., എസ്.റ്റി വിഭാഗക്കാർ മാത്രം), കേരള സർക്കാർ പഠനാവശ്യങ്ങൾക്കായി നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (എസ്.ഇ.ബി.സി/ഒ.ഇ.സി/മിശ്ര വിവാഹിതരുടെ മക്കൾക്ക് ), നിശ്ചിത മാതൃകയിലുള്ള വരുമാന സർട്ടിഫിക്കററ് (എസ്.സി., എസ്.റ്റി., ഒ.ഇ.സി വിഭാഗക്കാർ ഒഴികെയുള്ള ജനറൽ കാറ്റഗറി ഉൾപ്പെടെയുള്ള മറ്റ് വിഭാഗക്കാർക്ക് ഫീസാനുകൂല്യങ്ങൾക്കായി ), നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (സ്കൂൾ സർട്ടിഫിക്കറ്റ്/ജനന സർട്ടിഫിക്കറ്റിൽ ജനന സ്ഥലം രേഖപ്പെടുത്താത്തവർക്ക് മാത്രം), EWS സർട്ടിഫിക്കറ്റ് (സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരേണതര വിഭാഗക്കാർക്ക് വില്ലേജ് ഓഫീസർ നൽകുന്നത്), മൈനോറിറ്റി ക്വാട്ടാ സീറ്റിലേയ്ക്ക് വില്ലേജ് ഓഫീസർ നൽകുന്ന മൈനോറിറ്റി/കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ മുൻ കൂറായി വാങ്ങി വയ്ക്കേണ്ടതാണ്.

എൻ.ആർ.ഐ ക്വാട്ട പ്രവേശനത്തിന് അപേക്ഷകൻ/അപേക്ഷക വിദേശത്ത് ജോലി ചെയ്യുന്ന അച്ഛൻ/ അമ്മ/സഹോദരൻ അല്ലെങ്കിൽ സഹോദരി (മാതാപിതാക്കളുടെ സഹോദരീ സഹോദരൻമാരുടെ മകൻ/മകൾ ഉൾപ്പെടെ)/ഭർത്താവ്/ഭാര്യ/അച്ഛന്റെയോ അമ്മയുടെയോ സഹോദരീ സഹോദരൻമാർ (അച്ഛന്റെയോ അമ്മയുടെയോ മാതാപിതാക്കളുടെ സഹോദരീ സഹോദരൻമാരുടെ മകൻ /മകൾ ഉൾപ്പെടെ) / അർദ്ധ സഹോദരൻ/ അർദ്ധ സഹോദരി/ദത്തെടുത്ത അച്ഛൻ അല്ലെങ്കിൽ ദത്തെടുത്ത അമ്മയുടെ ആശ്രിതരായിരിക്കണം. സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ എൻ.ആർ.ഐക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ താഴെപ്പറയുന്ന രേഖകൾ മുൻ കൂറായി വാങ്ങി വയ്ക്കേണ്ടതാണ്.

1. എംബസി സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ പാസ്പോർട്ടിന്റെ കോപ്പി , വിസ/ ഗ്രീൻകാർഡ്/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI) ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. പ്രസ്തുത രേഖയിൽ സ്പോൺസറുടെ ജോലി സംബന്ധിച്ച വിവരം വ്യക്തമാക്കിയിരിക്കണം. പി.ജി. മെഡിക്കൽ കോഴ്സുകളുടെ പ്രവേശനം അവസാനിക്കുന്ന തീയതി വരെ വിസയ്ക്ക് കാലാവധി ഉണ്ടായിരിക്കണം.
2. പാസ്പോർട്ടിന്റെ കോപ്പി , വിസ/ഗ്രീൻകാർഡ്/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI)

എന്നിവയിൽ തൊഴിൽ രേഖപ്പെടുത്താത്ത പക്ഷം എംബസി /കോൺസുലേറ്റ് സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയാകും.

3. സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ബന്ധം വിശദമാക്കിയിരിക്കണം). ( സ്പോൺസർ, അപേക്ഷകന്റെ അച്ഛനോ അമ്മയോ ആണെങ്കിൽ അപേക്ഷകന്റെയും സ്പോൺസറുടെയും പേരുകൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ രേഖകൾ മതിയാകും. (06.08.2014 – ലെ ജി .ഒ (എം.എസ ്)നം.243/14/ആ.കു.വ).
4. വിദ്യാർത്ഥി സ്പോൺസറുടെ ആശ്രിതനാണെന്നും വിദ്യാർത്ഥിയുടെ വിദ്യാഭ്യാസ പരമായ എല്ലാ ചെലവുകളും (ട്യൂഷൻ ഫീസ്,സ്പെഷ്യൽ ഫീസ് ഉൾപ്പെടെ മുഴുവൻ തുകയും കോഴ്സ് കാലാവധിയിലുടനീളം) വഹിക്കാമെന്നുള്ള സ്പോൺസറുടെ സമ്മതപത്രം 200/- രൂപയുടെ മുദ്രപ്പത്രത്തിൽ തയ്യാറാക്കി ഒരു നോട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം.
5. സ്പോൺസർ വിദേശത്താണെങ്കിൽ വിദ്യാർത്ഥി സ്പോൺസറുടെ ആശ്രിതനാണെന്നും വിദ്യാർത്ഥിയുടെ വിദ്യാഭ്യാസപരമായ എല്ലാ ചെലവുകളും (ട്യൂഷൻ ഫീസ്,സ്പെഷ്യൽ ഫീസ് ഉൾപ്പെടെ മുഴുവൻ തുകയും കോഴ്സ് കാലാവധിയിലുടനീളം) വഹിക്കാമെന്നുള്ള സ്പോൺസറുടെ സമ്മതപത്രം, സ്പോൺസർ ജോലി നോക്കുന്ന രാജ്യത്തിൽ നിലനിൽക്കുന്ന നിയമങ്ങൾക്ക് വിധേയമായി നോട്ടറിയോ/കോൺസുലേറ്റോ/എംബസിയോ സാക്ഷ്യ പ്പെടുത്തിയിരിക്കണം.

**ഇ-സർട്ടിഫിക്കറ്റുകൾ ഡിജിലോക്കർ സംവിധാനത്തിലൂടെ അപ്‌ലോഡ് ചെയ്യുന്നതിനുള്ള മാർഗ്ഗരേഖ**

ഇ-ഡിസ്ട്രിക്ട് കേരള ഉൾപ്പെടെ നിരവധി സർക്കാർ സംവിധാനങ്ങളും വിദ്യാഭാസ സ്ഥാപനങ്ങളും DigiLocker വഴി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നുണ്ട്. ഇത്തരത്തിൽ DigiLocker വഴി ഇഷ്യൂ ചെയ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ, ഓൺലൈൻ അപേക്ഷാസമർപ്പണ വേളയിൽ അപേക്ഷകന്റെ DigiLocker account-ൽ നിന്നും നേരിട്ട് ഓൺലൈൻ അപേക്ഷയുമായി ബന്ധിപ്പിക്കുന്നതിനുള്ള സൗകര്യം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓൺലൈൻ അപേക്ഷകളിൽ സജ്ജമാണ് . Digilocker വഴി ഇഷ്യൂ ചെയ്യപ്പെടുന്ന സർട്ടിഫിക്കറ്റുകൾ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓൺലൈൻ അപേക്ഷാ സംവിധാനത്തിൽ സജ്ജമാക്കിയിട്ടുള്ള DigiLocker Requester Interface വഴിയായിരിക്കും ഇനി മുതൽ സ്വീകരിക്കുക. ആയതിനാൽ, ഭാവി അപേക്ഷകർ അവരവരുടെ DigiLocker account-കളിൽ അവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. എന്നാൽ, ഒഴിച്ചുകൂടാനാകാത്ത കാരണങ്ങളാൽ DigiLocker-ൽ രജിസ്റ്റർ ചെയ്യുവാൻ സാധിക്കാത്തവർക്ക്, കമ്പ്യൂട്ടറിൽ നിന്നും സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സംവിധാനം നില നിർത്തിയിട്ടുണ്ട്. എങ്കിലും, DigiLocker - വഴി നേരിട്ട് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ വളരെ വേഗത്തിൽ പരിശോധിക്കപ്പെടുന്നതിനാൽ , അപേക്ഷയുടെ സാധുതയും സംവരണം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കുള്ള അർഹതയും വളരെ എളുപ്പത്തിൽ അനുവദിക്കപ്പെടുന്നു. അതിനാൽ, എല്ലാ ഭാവി അപേക്ഷകരും അവരവരുടെ DigiLocker അക്കൗണ്ടുകൾ ഉപയോഗ സജ്ജമാക്കണമെന്ന് അറിയിക്കുന്നു.

പ്രവേശന പരീക്ഷാ കമ്മീഷണറുടെ DigiLocker Requester Interface ഉപയോഗിക്കുവാൻ വളരെ ലളിതമാണ്. കംമ്പ്യൂട്ടർ ഫോൾഡറുകളിൽ നിന്നും ഫയലുകൾ അപ്‌ലോഡ് ചെയ്യുന്നതിന് സമാനമായ രീതിയിലാണ് ഈ Interface തയ്യാറാക്കിയിരിക്കുന്നത്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓൺലൈൻ ആപ്ലിക്കേഷനുകൾ https://cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. DigiLocker ലേക്ക് Sign Up ചെയ്യുന്നതിനും ഡോക്യുമെന്റുകൾ ഷെയർ ചെയ്യുന്നതിനുമുള്ള വ്യവസ്ഥകളും രീതികളും

മനസ്സിലാക്കുന്നതിനുമായി അപേക്ഷാർത്ഥികൾ https://www.digilocker.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.07.08 17:51:58 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**08/07/2022**